**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3590 | 12.12.2014 ൽ മറുപടിയ്ക്ക് |
| **ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;<br><br>(ബി) ഈ കാര്യത്തിൽ സാമുദായിക-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ)&(ബി) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം നടത്തുന്നതിനു വേണ്ടി ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായി സാമൂഹ്യനീതി ഡയറക്ടറെയും 3 മേഖലകളിലായി 3 ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.<br>ആർഭാട വിവാഹങ്ങളും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണെങ്കിലും ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമായതിനാലും പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ടും പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം നടത്തുന്നതിനു മുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയുമാണ് ആദ്യം വേണ്ടത് എന്നതിനാൽ മത മേലദ്ധ്യക്ഷൻമാരുമായും, രാഷ്ട്രീയ കക്ഷികളുമായും, സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും, പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാനും സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഇത്തരത്തിലുള്ള ചടങ്ങുകൾക്ക് എതിരെ ബോധവൽക്കരണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനാചരണം ആചരിച്ചുവരുന്നുണ്ട്. അതിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള വനിതാ കമ്മീഷൻ നടത്തുന്ന കലാലയജ്യോതി, വിവാഹപൂർവ്വ കൗൺസിലിംഗ്, സെമിനാറുകൾ തുടങ്ങിയവയിൽ ആഡംബര രഹിത വിവാഹം ഒരു വിഷയമായി ചർച്ച ചെയ്യാറുണ്ട്. |
| (ഡി) ലളിതമായ വിവാഹ ചടങ്ങുകൾ നടത്തുന്നതിന് ഏതെങ്കിലും സംഘടനകൾ മുന്നോട്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിവാഹങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ